# ജീവന്റെ നിലനിൽപ്പിനു വേണ്ടി

ഭൂമിയുടെ കരയുടെ 2 ശതമാനം മാത്രമേ ഇന്ത്യയ്ക്കുള്ളൂ. എങ്കിലും സസ്യങ്ങളുടെ 7 ശതമാനവും മൃഗങ്ങളുടെ 6.5 ശതമാനവും ഇവിടെ ജീവിക്കുന്നു. ജൈവവൈവിധ്യത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ലോകത്തെ 12 മേഖലകളിൽ ഒന്നാണ് ഇന്ത്യ. ഇന്ത്യയെ 20 ജൈവഭൂമി ശാസ്ത്രമേഖലകളായും 25 ജൈവവൈവിധ്യ പ്രവിശ്യകളായും തിരിക്കാം. ലോകത്തുള്ള പ്രധാനപ്പെട്ട എല്ലാത്തരം ആവാസവ്യവസ്ഥകളും ഇവിടെയുണ്ട്. ബൊട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യയും സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും നടത്തിയ പഠനങ്ങളിൽ 47,000 ജാതി സസ്യങ്ങളും 81,000 ജാതി ജന്തുക്കളും ഇവിടെ കണ്ടെത്തിയിട്ടുണ്ട്. മൊത്തമുള്ളതിന്റെ ചെറിയൊരു ശതമാനം മാത്രമേ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ച് വർഗ്ഗീകരിച്ചിട്ടുള്ളൂ. ശാസ്ത്രത്തിന് അജ്ഞാതമായ ലക്ഷക്കണക്കിന് സസ്യങ്ങളും ജന്തുക്കളും കാടുകളിലും മറ്റും നിലനിൽക്കുന്നു.

സസ്യശാസ്ത്രപരമായി ഇന്ത്യയെ എട്ട് മേഖലകളാക്കി തിരിക്കാം. പശ്ചിമഹിമാലയം, ആസ്സാം, സിന്ധുതടം, ഡെക്കാൺ, മലബാർ (പശ്ചിമഘട്ടം), ആൻഡമാൻ ദ്വീപുകൾ എന്നിവയാണ് ഈ എട്ട് മേഖലകൾ. ഇന്ത്യയിലുള്ള സസ്യജാതികളിൽ 33 ശതമാനം ലോകത്ത് വേറെയെവിടെയും കാണപ്പെടാത്തവയാണ്. ജന്തുവൈവിധ്യത്തിലും ഇന്ത്യ മുൻപന്തിയിലാണ്. തിരിച്ചറിഞ്ഞിട്ടുള്ള 81,000 ജന്തുജാതികളിൽ 372 സസ്തനികളും 1,228 പക്ഷികളും 428 ഉരഗങ്ങളും 204 ഉഭയജീവികളും 2546 മത്സ്യങ്ങളും 57,245 ഷഡ്പദങ്ങളും 5,042 കക്കാവർഗ്ഗങ്ങളും ഉൾപ്പെടുന്നു.